©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2016 നവംബർ 29<br>29th November 2016<br>1192 വൃശ്ചികം 14<br>14th Vrischikam 1192<br>1938 അഗ്രഹായനം 8<br>8th Agrahayana 1938 | നമ്പർ<br>No. | 2073 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

*2016 നവംബർ 29*

നമ്പർ 17610/ലെഗ്.ബി1/2016/നിയമം. *തിരുവനന്തപുരം, 1192 വൃശ്ചികം 14*

*1938 അഗ്രഹായനം 8.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2016 നവംബർ 28-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.

33/3912/2016/S-3.

2016-ലെ 22-ാം ആക്റ്റ്

# 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ്

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹിന്ദുമതത്തിൽപ്പെട്ടതും ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായ ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ അല്ലെങ്കിൽ ജില്ലാ ജഡ്ജി ആയി നിയമിക്കപ്പെടാൻ യോഗ്യതയുള്ളതോ ആയ ഒരാളെ ചെയർപേഴ്സണായി നിയമിക്കേണ്ടതാണ്. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെടുന്ന ആളുമായിരിക്കേണ്ടതാണ്. അംഗങ്ങൾ, തൊഴിൽ സംബന്ധമായതോ സേവനപരമായതോ അല്ലെങ്കിൽ ഭരണപരമായതോ ആയ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിചയസമ്പന്നരായിരിക്കേണ്ടതാണ്.".

3. 5-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ചെയർപേഴ്സണും മറ്റ് അംഗങ്ങൾക്കും അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലം പൂർത്തിയാകുന്നതുവരെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.".

4. 8-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിലെ (4)-ാം ഉപവകുപ്പിൽ 'നാല്' എന്ന വാക്കിനു പകരം 'രണ്ട്' എന്ന വാക്ക് ചേർക്കേണ്ടതാണ്.

5. ബോർഡിലെ നിലവിലുള്ള ചെയർപേഴ്സണെയും അംഗങ്ങളെയും സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ബോർഡിന്റെ നിലവിലുള്ള ചെയർപേഴ്സണും അംഗങ്ങളും 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നതല്ലാതായിത്തീരുന്നതാണ്.

# GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 17610/Leg.B1/2016/Law.

*Dated, Thiruvananthapuram,* *29th November, 2016* / *14th Vrischikam, 1192* / *8th Agrahayana, 1938.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Devaswom Recruitment Board (Amendment) Act, 2016 (22 of 2016).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 22 OF 2016

## THE KERALA DEVASWOM RECRUITMENT BOARD (AMENDMENT) ACT, 2016

*An Act to amend the Kerala Devaswom Recruitment Board Act, 2015.*

*Preamble.*—WHEREAS, it is expedient to amend the Kerala Devaswom Recruitment Board Act, 2015 for the purposes hereinafter appearing;

BE it enacted in the Sixty-seventh Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Devaswom Recruitment Board (Amendment) Act, 2016.

(2) It shall come into force at once.

2. *Amendment of section 3.*—In the Kerala Devaswom Recruitment Board Act, 2015 (16 of 2015) (hereinafter referred to as the principal Act), in section 3, for sub-section (3) the following sub-section shall be substituted, namely:—

"(3) The Board shall consist of Chairperson and two members nominated by the Government, who belong to Hindu religion and having faith in God and temple worship. A person who is or has been a District Judge or qualified to be appointed as a District Judge shall be appointed as Chairperson of the Board. Among the members one shall be a woman and one shall be a person belonging to Scheduled Caste or Scheduled Tribe. Members shall have experience in handling labour, service or administrative matters.".

3. *Amendment of section 5.*—In the principal Act, for sub-section (1) of Section 5, the following sub-section shall be substituted, namely:—

"(1) The Chairperson and other members may continue in office till the completion of a Period of three years from the date on which they assume office.".

4. *Amendment of section 8.*—In the principal Act, in section 8, in sub-section (4), for the word "four" the word "two" shall be substituted.

5. *Special provision relating to the existing Chairperson and Members of the Board.*—Notwithstaning anything contrary contained in the principal Act, the existing Chairperson and members of the Board shall cease to hold office as such from the date of commencement of the Kerala Devaswom Recruitment Board (Amendment) Act, 2016.

---